ഇഹ്സാൻ

# മനുഷ്യവിരോധികളായ 'ദൈവങ്ങൾ'

ഗുരുവായൂർ ക്ഷേത്രവുമായി ബന്ധപ്പെട്ട് മനുഷ്യരുടെ പ്രശ്നങ്ങളിൽ 'ദൈവ' ഹിതമറിയുന്നതിന് നടത്തിയ അഷ്ടമംഗല്യ പ്രശ്നം ഏറെ ജനശ്രദ്ധ ആകർഷിക്കുകയുണ്ടായി. ക്ഷേത്രത്തിൽ ചുരിദാർ ധരിച്ച് പ്രവേശിക്കുന്നതും ഹിന്ദുക്കളല്ലാത്തവർ ക്ഷേത്രത്തിൽ കയറുന്നതും തൊട്ട് ഭക്തജനങ്ങൾക്ക് നൽകുന്ന പ്രസാദത്തിന്റെ ഗുണനിലവാരത്തെ കുറിച്ചും എമ്പ്രാന്മാർ ശരിയായ രീതിയിൽ കണക്കുവെക്കാത്തതിനെ കുറിച്ചുമൊക്കെ ദൈവത്തിനു വേണ്ടി 'പ്രതിപുരുഷന്മാർ' അഭിപ്രായം പ്രകടിപ്പിച്ചുകഴിഞ്ഞു. ആരുടെ പ്രശ്നങ്ങളെ കുറിച്ചായിരുന്നോ ഈ വിചിന്തനം അവർക്ക് പക്ഷേ പ്രശ്നസദസ്സിൽ പ്രവേശനമുണ്ടായിരുന്നില്ല. ഒരാഴ്ചയിലേറെ നീണ്ട ഈ പ്രക്രിയക്കിടയിൽ അന്നന്നത്തെ സൂചനകളെ മേൽജാതിക്കാരായ ഗണികന്മാർ വ്യാഖ്യാനിക്കുകയാണ് ചെയ്തത്. തുണി മുറിച്ചതിലെ ഇഴയുടെ എണ്ണവും വഴിയിൽ കണ്ട യാചകന്റെ സാന്നിധ്യവുമൊക്കെ ഇത്തരം വ്യാഖ്യാനങ്ങൾക്ക് വിധേയമായി. ചുരിദാറുടുത്ത് ക്ഷേത്രദർശനം ആരംഭിച്ചതിലെ ദൈവകോപമാണ് ആനയിടയാൻ വഴിയൊരുക്കിയതെന്നു പോലും വിശദീകരണമുണ്ടായി. ചുരിദാറുടുക്കുന്നതിന് മുമ്പുള്ള കാലത്ത് ഒരിക്കൽ പോലും ഗുരുവായൂരിൽ ആന ഇടഞ്ഞിരുന്നില്ലല്ലോ!

ഇവർ എത്തിച്ചേർന്ന മിക്ക അഭിപ്രായങ്ങളുടെയും മാനുഷികവശം പരിശോധിക്കുമ്പോൾ അത് ദൈവത്തിന്റെ ഹിതമായിരിക്കുമെന്ന് സമ്മതിക്കാനാവുമായിരുന്നില്ല. അഭിപ്രായം ദൈവത്തിന്റേതെന്ന മട്ടിൽ ജ്യോതിഷികൾ തന്നിഷ്ടം പറയുകയാണ് പല കാര്യങ്ങളിലും സംഭവിച്ചത്. ജാതീയവും ബ്രാഹ്മണ മേധാവിത്വപരവുമായ സംഗതികളിൽ ഈ തന്നിഷ്ടം ഒതുങ്ങിനിന്നിരുന്നുവെങ്കിൽ ഹിന്ദുമതത്തിന്റെ ആഭ്യന്തരകാര്യം എന്ന നിലക്ക് അതേകുറിച്ച് പുറത്തുള്ളവർക്ക് അഭിപ്രായം പറയാൻ തരമുണ്ടാവില്ലായിരുന്നു. പക്ഷേ സംഘ്പരിവാരക്കാരന്റെ രാഷ്ട്രീയ ഹിതങ്ങളും ആഗ്രഹങ്ങളും ഇക്കൂട്ടർ ദൈവത്തിന്റെ കണക്കിൽ എഴുതിവെച്ച സ്ഥിതിക്ക് രാഷ്ട്രീയപരമായ കാര്യങ്ങളെ കുറിച്ചെങ്കിലും ചിലത് പറയാതെ വയ്യ.

ഹിന്ദുക്കൾ ചുരിദാർ ധരിക്കരുതെന്ന് സംഘ്പരിവാർ ഏതാനും വർഷം മുമ്പുവരെ സ്വന്തം പ്രവർത്തകരെ ബോധവത്കരിച്ചിരുന്നു. ഈ വേഷം ഇന്ത്യയിലെത്തിയത് മുഗൾ ഭരണാധികാരികളിലൂടെയാണെന്നതുകൊണ്ടാണ് ചുരിദാർ മോശപ്പെട്ട വസ്ത്രമായത്. പക്ഷേ ടിപ്പു സുൽത്താൻ ദാനം കൊടുത്ത ഭൂമിയിൽ ക്ഷേത്രം പണിയുകയും എന്നിട്ട് വസ്ത്രത്തിന്റെ കാര്യത്തിൽ 'മാഞ്ഞാളം' പറയുകയും ചെയ്യുന്ന ഈ കാപട്യത്തെ ഹിന്ദുസമൂഹം ഇതേവരെ അംഗീകരിച്ചിരുന്നില്ല. അതുകൊണ്ടാണ് ഇടക്കാലത്ത് ഹിന്ദുക്കളുടെ തന്നെ ആവശ്യം മുൻനിർത്തി ചുരിദാർ ധരിച്ചുവരുന്നവരെ പ്രാർഥനക്കു പ്രവേശിപ്പിച്ചുതുടങ്ങിയത്. ഗുരുവായൂർ ജ്യോതിഷികളുടെ വിധി ശരിയാണെങ്കിൽ ദൈവം മനുഷ്യന്റെ വസ്ത്രത്തിലേക്കാണ്, ആത്മാവിലേക്കല്ല നോക്കുന്നതെന്നാണ് വരുന്നത്. ദൈവത്തിന്റെ താൽപര്യമാണ് ഇതെന്ന് വരുത്തിത്തീർത്തതിലൂടെ ഭക്തിയുടെ അന്തസ്സത്തയെ തന്നെയാണ് ഇക്കൂട്ടർ ചോദ്യം ചെയ്തതും. ബാഹ്യമായ ആവരണങ്ങളിൽ ഭക്തിക്ക് അതിർവരമ്പുകൾ നിശ്ചയിക്കുന്നവർ സമൂഹത്തിലുണ്ടെങ്കിൽ അത് രാഷ്ട്രീയക്കാർ മാത്രമാണല്ലോ. പ്രത്യേകിച്ചും ബി.ജെ.പി നയിക്കുന്ന ഹിന്ദുത്വ രാഷ്ട്രീയം. അവരുടെ താൽപര്യങ്ങൾക്ക് കുടപിടിക്കുകയായിരുന്നു ജ്യോതിഷിമാർ. ഇത് ഒരു ചുരിദാറിന്റെ കാര്യം മാത്രമല്ല. സഭ്യമായ ഏത് വേഷമുടുത്തും ദൈവസന്നിധിയിൽ നിൽക്കാവുന്നതാണ് എന്നേ യഥാർഥ ദൈവജ്ഞൻ പറയുമായിരുന്നുള്ളൂ. മേൽശാന്തിക്കാരൻ 'വിഹിതവിഭാഗ'ത്തിൽ പെടുന്നവനായിരിക്കണം എന്ന 'പ്രശ്നവിധി' ദൈവത്തിന്റെ വകയായിരിക്കാൻ ഒരു സാധ്യതയുമില്ല. ലക്ഷങ്ങൾ വരുമാനമുള്ള ഈ തന്ത്രിസ്ഥാനത്തിനു വേണ്ടി കടിപിടി കൂടുന്ന പുരോഹിത തൊഴിലാളികളുടെ ഹിതമായിരിക്കാനാണ് കൂടുതൽ സാധ്യത.

ഗുരുവായൂരിൽ ഭീകരാക്രമണം ആസന്നമാണെന്ന മട്ടിലുള്ള 'ദൈവാഭിപ്രായ'വും ഇക്കൂട്ടത്തിലുണ്ട്. പ്രശ്നം നടക്കുന്ന ദിവസങ്ങളിൽ തന്നെ ദുർമരണം ഉണ്ടാവാമെന്ന ജ്യോതിഷികളുടെ അഭിപ്രായം മൂന്നു മണിക്കൂറിനകം ശരിയായത്രെ. ഈ വിദ്യയെ കുറിച്ച് നേരത്തേ അറിയാഞ്ഞത് വലിയ കഷ്ടമായിപ്പോയി. അക്ഷർധാമിലും അജ്മീറിലും മക്കാ മസ്ജിദിലും നടന്ന 'ഭീകരാക്രമണങ്ങൾ' നേരത്തേ കണ്ടെത്തി ഒഴിവാക്കാമായിരുന്നു. പക്ഷേ സൂക്ഷിച്ചുനോക്കുമ്പോൾ ഭീകരാക്രമണം എന്ന അസംബന്ധ നാടകത്തെ ദേവപ്രശ്നസഭയിൽ ഉയർത്തികൊണ്ടുവന്നതിൽ ചില രാഷ്ട്രീയ താൽപര്യങ്ങളാണ് മുഴച്ചുനിൽക്കുന്നത്. കുറ്റവാളികൾ ആരാണെന്ന് ഒരിക്കലും തെളിയാത്തതും തീർത്തും രാഷ്ട്രീയമായ താൽപര്യങ്ങളോടെ നടക്കുന്നതുമായ ഒരുതരം നിഗൂഢ സംഭവങ്ങളാണ് ഇന്ത്യയിൽ ഇന്നോളമുണ്ടായ മുഴുവൻ ഭീകരാക്രമണങ്ങളും. ചില വിദേശ ചാരസംഘടനകളും ആർ.എസ്.എസ്, ലശ്കർ മുതലായവരും ഒരേ താൽപര്യക്കാരാണ് എന്ന് സംശയിക്കാനാവുന്ന അനന്തരഫലങ്ങളാണ് ഓരോ ഭീകരാക്രമണവും ഉണ്ടാക്കിയിട്ടുള്ളത്. ഹിന്ദുക്കൾക്കിടയിൽ മുസ്‌ലിംകളെ കുറിച്ച് ഭീതി പരത്തുന്നതിനു വേണ്ടി എൻ.ഡി.എ ഭരണകാലത്ത് മൊസാദ് സഹായത്തോടെ ഉരുവംകൊണ്ട 'സുരക്ഷാ നവീകരണ' പദ്ധതികളുടെ ഭാഗമായിരുന്നു ഈ സംഭവങ്ങളെന്നും സംശയിക്കാവുന്നതാണ്. എന്തായാലും ഗുരുവായൂരപ്പന്റെ ചെലവിൽ കേരളത്തിലും ഒരു ഭീകരാക്രമണ സാധ്യതയുണ്ടെന്ന് ഗണികന്മാർ വിധിച്ച സ്ഥിതിക്ക് നാം ഒന്നു ഭയപ്പെടേണ്ടിയിരിക്കുന്നു. ജയമാലയെ കൊണ്ട് ഫാക്സ് അയപ്പിച്ച അതേ പരപ്പനങ്ങാടി പണിക്കർ പിന്നീട് 'പ്രശ്നം' വെച്ച് ശബരിമലയിൽ സ്ത്രീകൾ ക്ഷേത്രദർശനം നടത്തിയെന്ന് 'കണ്ടെത്തിയ' ചരിത്രം നമ്മുടെ മുമ്പിലുള്ള സ്ഥിതിക്ക് ഈ ഭീകരാക്രമണം നടക്കുമെന്ന ഭയമാണ് ഇപ്പോഴുള്ളത്. അല്ലെങ്കിൽ ബാക്കിയുള്ള മുഴുവൻ കാര്യങ്ങളിലെയും ദേവപ്രശ്നത്തിന്റെ വിശ്വാസ്യത കൂടിയല്ലേ തകരുന്നത്? ഭീകരാക്രമണം നടന്ന് 'അഷ്ടമംഗല്യ ദേവപ്രശ്നം' ശരിയായിത്തീരുന്നതു പോലെ പ്രശ്നംവെച്ച് കണ്ടെത്തിയത് ശരിയാക്കിത്തീർക്കാനായി ഭീകരാക്രമണം സംഘടിപ്പിക്കാനുമുണ്ടല്ലോ ഇക്കാലത്ത് എളുപ്പം.

ഏതായാലും ഒടുവിലത്തെ മുന്നാഭായി സിനിമയിൽ പറയുന്നതുപോലെ ഈ ജ്യോതിഷികൾക്ക് ഇന്ത്യയിലെ ക്രിക്കറ്റ് താരങ്ങളുടെ ഗ്രഹനിലയും അവർ ബാറ്റ് ചെയ്യാനിറങ്ങുന്ന നേരത്തെ ലക്ഷണങ്ങളും നോക്കി ടീമിലെ ബാറ്റിംഗ് ഓർഡറും ബൗളിംഗ് ഓർഡറും ഒന്ന് ശരിപ്പെടുത്തിക്കൊടുത്തുകൂടേ? ആന്റണിയുടെയോ മൻമോഹൻ സിംഗിന്റെയോ ലക്ഷണം നോക്കി അതിർത്തിയിൽ ബോംബ്‌വീഴുന്ന സ്ഥലവും സമയവും ആദ്യമേ കുറിച്ചു കൊടുത്താൽ എത്ര പട്ടാളക്കാർക്ക് വെറുതെ സമയം മെനക്കെടുത്താതെ കഴിയാം! ഭൂകമ്പത്തിൽ കൂട്ടത്തോടെ മരിച്ചൊടുങ്ങുന്നവരുടെ ഗ്രഹനിലയിൽ വന്ന കുഴപ്പങ്ങൾ നേരത്തേ കണ്ടെത്തിയും ഈ ദൈവജ്ഞന്മാർക്ക് ജനങ്ങളെ രക്ഷിക്കാവുന്നതാണ്. ◆